# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1878 | 25-03-2013-ൽ മറുപടിയ്ക്ക്

### വാഹന പരിശോധന നടത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്താൻ ഏതൊക്കെ തലത്തിലെ ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടറോ, മുകളിലുള്ളതോ ആയ ഉദ്യോഗസ്ഥർക്ക് മോട്ടോർ വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്താൻ അധികാരമുണ്ട്. |
| (ബി) | നിയമലംഘനം നടത്തുന്ന വാഹനങ്ങൾ തടഞ്ഞ് പിഴ ഈടാക്കാൻ ഏതൊക്കെ റാങ്കിലെ ഉദ്യോഗസ്ഥർക്കാണ് അനുമതി നൽകിയിട്ടുള്ളത് ; | (ബി) | പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടറോ, മുകളിലുള്ളതോ ആയ ഉദ്യോഗസ്ഥർക്ക് മോട്ടോർ വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്തി പിഴ ഈടാക്കുവാൻ അധികാരമുണ്ട്. |
| (സി) | സബ് ഇൻസ്പെക്ടറുടെ റാങ്കിൽ താഴെയുള്ള സിവിൽ പോലീസ് ഉദ്യോഗസ്ഥർ വാഹനനിയമങ്ങൾ പാലിക്കുന്ന ഇരുചക്ര വാഹനങ്ങളെപ്പോലും തടഞ്ഞു ഭീഷണിപ്പെടുത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കാസർഗോഡ് ജില്ലയിൽ ഇത്തരം സംഭവം ആവർത്തിക്കുന്നതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ? | (ഡി) | ഇത്തരം സംഭവങ്ങൾ കാസർഗോഡ് ജില്ലയിൽ ഉണ്ടായിട്ടില്ല. വാഹന പരിശോധന നടത്തുന്നത് സംബന്ധിച്ച് എല്ലാ ഉദ്യോഗസ്ഥർക്കും വേണ്ട കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ